# ആമുഖം

കൊല്ലവർഷം 1010-ൽ പുന്നത്ത് കുടുംബത്തിലെ ഒരാൾ കുടിപ്പള്ളിക്കൂടം എന്ന നിലയിൽ തുടങ്ങിയതാണ് ഈ വിദ്യാലയം. പിൽക്കാലത്ത് ഈ സ്ഥാപനം സർക്കാരിന് കൈമാറി. നിലവിലെ സ്കൂൾ കെട്ടിടം 1988-ലാണ് ഉദ്ഘാടനം ചെയ്തത്. 42 സെന്റ് സ്ഥലം സ്കൂൾ വകയായിട്ടുണ്ട്. മുൻ ഗതാഗത വകുപ്പ് മന്ത്രി ശ്രീ. നീലലോഹിതദാസൻ നാടാർ ഈ സ്കൂളിലെ പൂർവ്വവിദ്യാർത്ഥിയാണ്. നെല്ലിമൂട്, പുന്നക്കുളം, പുത്തളം, പയറ്റുവിള, കുഴിവിളക്കോണം, കോട്ടുകാൽ തുടങ്ങിയ സ്ഥലങ്ങളിലെ കുട്ടികൾ പ്രാഥമിക വിദ്യാഭ്യാസം നേടിയത് ഈ സ്കൂളിലായിരുന്നു. അവരിൽ പലരും ഉന്നതസ്ഥാനങ്ങളിലെത്തിയിട്ടുണ്ട്. കോട്ടുകാൽ പഞ്ചായത്തിലെ കുഴിവിളക്കോണം വാർഡിലെ ഏക ഗവൺമെന്റ് വിദ്യാലയമാണിത്. ഈ അധ്യയനവർഷത്തിൽ HM, 3 അധ്യാപികമാർ, ഒരു PTCM, ഒരു പ്രീ പ്രൈമറി അധ്യാപിക എന്നിവർ ഈ സ്കൂളിൽ സേവനമനുഷ്ഠിച്ചുവരുന്നു.

[illegible]

[illegible] ദിനാചരണങ്ങൾ, ചാന്ദ്രദിനം, സ്വാതന്ത്ര്യദിനം, ഗാന്ധിജയന്തി, പരിസ്ഥിതിദിനം, കേരളപ്പിറവിദിനം, ശിശുദിനം എന്നിവയോടനുബന്ധിച്ച് മത്സരങ്ങൾ സംഘടിപ്പിക്കാറുണ്ട്.

ഓണത്തിന് കുട്ടികൾക്ക് വിഭവസമൃദ്ധമായ സദ്യ നൽകുകയും അത്തപ്പൂക്കളം ഇടുകയും വിവിധ കലാപരിപാടികൾ നടത്തുകയും ചെയ്യാറുണ്ട്. ക്രിസ്തുമസ് ദിനത്തോടനുബന്ധിച്ച് ക്രിസ്തുമസ് ട്രീ ഒരുക്കുകയും കലാപരിപാടികൾ നടത്തുകയും നറുക്കെടുപ്പ് നടത്തി കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്യാറുണ്ട്.

നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു പ്രീ പ്രൈമറി വിഭാഗം ഇവിടെയുണ്ട്. അകലെ നിന്ന് വരുന്ന കുട്ടികളെ സ്കൂളിലെത്തിക്കുന്നതിനായി P.T.A അംഗങ്ങൾ ഒരു ഓട്ടോ ക്രമീകരിച്ചിട്ടുണ്ട്. സ്കൂൾബസും ഒരു ഓട്ടോ മാത്രമാണുള്ളത്. വഴി ബസുകളും വാടക ഓട്ടോ ഇല്ലാത്തതാണ് ഈ സ്കൂളിനെ സംബന്ധിച്ചിടത്തോളം പ്രധാന പ്രതിസന്ധി. സ്കൂളിന് [illegible] ചുറ്റുമതിൽ ഇല്ലാത്തതാണ് മറ്റൊരു പ്രധാന പ്രതിസന്ധി.

# 2025-26 അധ്യയനവർഷത്തെ കുട്ടികളുടെ എണ്ണം

| Standard | Boys | Girls | Total |
|---|---|---|---|
| I | 3 | 3 | 6 |
| II | 1 | 4 | 5 |
| III | 1 | 1 | 2 |
| IV | 3 | 2 | 5 |
| Total | 8 | 10 | 18 |

സ്കൂളിൽ ജൂൺ മുതൽ ഔഷധ സസ്യത്തോട്ടം നിർമ്മിക്കുന്നു. ജൂലൈ മുതൽ ഓരോ ആഴ്ചയിലും ഓരോ ഔഷധസസ്യത്തെക്കുറിച്ച് കുട്ടികൾക്ക് വ്യക്തമായി പറഞ്ഞുകൊടുക്കുകയും പതിപ്പ് പ്രദർശിപ്പിക്കുകയും ചെയ്യുന്നു. ഒപ്പം ആ സസ്യം കണ്ടെത്തി വീടുകളിലും നട്ടുവളർത്താൻ നിർദ്ദേശം നൽകുന്നു. വാർഷിക പൊതുയോഗത്തിൽ വച്ച് ഏറ്റവും മികച്ച ഔഷധസസ്യത്തോട്ടത്തിന് സമ്മാനം നൽകുകയും ചെയ്യുന്നു.

## മികവിൽനിന്നും മികവിലേക്ക്

9.15 മുതൽ 9.45 വരെ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് പരിഹാര ബോധനക്ലാസുകളും ലേണിംഗ് സ്കിൽസ് വികസിപ്പിക്കുന്നതിനുള്ള പ്രത്യേക ക്ലാസു

ങ്ങളും നൽകാൻ തീരുമാനിച്ചു.

| തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി |
|---|---|---|---|---|
| ഹലോ ഇംഗ്ലീഷ് | മധുരം മലയാളം | ഗണിതം മധുരം | മ്യൂസിക് | സർഗ്ഗാത്മകത. |

പ്രവർത്തനത്തെ അടിസ്ഥാനമാക്കി ഓരോ ദിവസവും 5 ചോദ്യങ്ങൾ നൽകുന്നു. ഓരോ മാസവും അതിനെ അടിസ്ഥാനമാക്കി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു

## ദിനാഘോഷങ്ങൾ

പ്രധാന ദിനാഘോഷങ്ങളോടനുബന്ധിച്ച് പ്രത്യേക അസംബ്ലിയും പ്രത്യേക പ്രവർത്തനങ്ങളും നൽകുന്നു. വാർഷിക കലണ്ടറിന്റെ അടിസ്ഥാനത്തിൽ

# ഭാഷ

മേഖല - അക്കാദമികം
ഉപമേഖല - ഭാഷ
ക്ലാസ്സ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം. | • പാട്ടുകളും, കഥകളുമായി കുട്ടികളുടെ സംവദിപ്പിക്കൽ | സെപ്റ്റംബർ ഒക്ടോബർ | ക്ലാസ് ടീച്ചർ SRG SMC സ്കൂൾ വികസന സമിതി | SMC |
| | <u>അമ്മ പറയട്ടെ</u> അമ്മമാർ കുട്ടികഥകൾ അവതരിപ്പിക്കുന്നു. | ജൂലൈ-ഡിസംബർ ജനുവരി മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ SRG മദർ പി.ടി.എ | മദർ പി.ടി.എ |

ഇംഗ്ലീഷ്

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ഇനം — 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം സിനിമ പ്രദർശനം | മാസത്തിൽ ഒന്ന്. | ~~മാസത്തിൽ ഒന്ന്~~<br>SRG<br>class teacher | SSA |

# ഗണിതം

മേഖല - അക്കാദമികം
ഉപമേഖല - ഗണിതം
ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും, നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1. ഗണിത മാഗസിൻ | ജൂലൈ - മാർച്ച് | ക്ലാസ് ടീച്ചർ | SSA |
| | 2. ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഉൾക്കൊള്ളിച്ച ക്യാമ്പ് | സെപ്തംബർ | SRG<br>ക്ലാസ് ടീച്ചർ | |
| | 3. ഗണിത ക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളികളിലൂടെ | മാസത്തിൽ ഒന്ന് വീതം | ക്ലാസ് ടീച്ചർ | |

# പരിസരപഠനം

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളും പരിചയപ്പെടുക, തിരിച്ചറിവ് | ഭക്ഷ്യമേള പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും. | ജൂൺ ജൂലൈ ആഗസ്റ്റ് | ക്ലാസ് ടീച്ചർ SRG SMC | SMC |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പഠനയാത്ര, ഉദ്യാനങ്ങളോടും, ചുറ്റുവട്ടത്തെ | ഡിസംബർ ജനുവരി | SRG SMC | |

# മേഖല – അക്കാദമികം

## ഉപമേഖല – ഗണിതം

## ക്ലാസ് – II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതചിന്താ ശേഷി വളർത്തൽ | ഒരുദിനം ഒരു ചോദ്യം (ക്വസ്റ്റി, കുട്ടികൾക്കും ഗണിതപാഠവിരുതുകളും പരിചയപ്പെടൽ) | ആഴ്ചയിൽ ഒന്ന് വീതം മാസത്തിൽ ഒന്ന് വീതം | SRG ക്ലാസ്ടീച്ചർ | SSA |

# മേഖല - അക്കാദമികം

# ഉപമേഖല - ഇംഗ്ലീഷ്

# ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരമൊരുക്കൽ | Let's talk -- പ്രതിഭയുമായി സംവദിക്കൽ | മൂന്ന് മാസത്തിൽ ഒന്ന് | SRG | SSA |
| | | | class teacher | |
| | English ബോക്സ് | മാസത്തിൽ ഒന്ന് | SMC | |
| | ഇംഗ്ലീഷ് അസംബ്ലി | | | |
| | One day English | ആഴ്ചയിൽ ഒന്ന് | | |

## മേഖല - അക്കാദമിക്

## ഉപമേഖല - ഭാഷ

## ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| ഉചിതമായ വ്യവഹാരങ്ങൾ തെളിവുകളെ പ്രയോഗിക്കൽ | വായിച്ചതും കേട്ടതും ലഘുരചനകളിലേക്ക് മാറ്റുന്നു. രചനാ ക്യാമ്പുകൾ ലഘുരചന തിരുത്തുകാൻ അധ്യാപകർ | ഒക്ടോബർ, നവംബർ, ഡിസംബർ | SRG, SMC, ക്ലബ്ബുകൾ, മദർ പി.ടി.എ, സ്റ്റാഫ് | മദർ പി.ടി.എ |
| സർഗ്ഗാത്മകതയെ തട്ടിയുണർത്താൻ | രചനാശില്പശാല, കഥ, കവിതാരചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ, ജനുവരി | SMC, അധ്യാപകർ, ക്ലബ്ബുകൾ, പ്രമുഖ വ്യക്തികൾ | SRG, SMC |

## മേഖല - അക്കാദമികം
## ഉപമേഖല - ഗണിതം
## ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയൽ | ഒറിഗാമി ശില്പശാല രക്ഷകരുമായി ഗണിത പഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG PTA | SSA |
| ഗണിതം ലളിതമാക്കൽ കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG ക്ലാസ് | S.S Staf SM |

# മേഖല - അക്കാദമികം

## ഉപമേഖല - പരിസരപഠനം

### ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല [illegible] |
|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | ദിനാചരണത്തിനു ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു. കുറിപ്പ് തയ്യാറാക്കൽ | ജൂൺ ജൂലൈ ആഗസ്റ്റ് | |
| പ്രകൃതിവിഭവ സംരക്ഷണം | ജൈവവൈവിധ്യപാർക്ക് തടയണ, മഴക്കുഴിനിർമ്മാണം, ജലസ്രോതസ്സുകൾ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ ഡിസംബർ | |
| ശാസ്ത്രപരീക്ഷണങ്ങളിൽ താൽപര്യം ജനിക്കൽ | ശാസ്ത്രപ്രതിഭകളെ അടുത്തറിയാം പരീക്ഷണം വീട്ടിലും ശാസ്ത്രമാസികകൾ | | |

# മേഖല - അക്കാദമികം
## ഉപമേഖല - മലയാളം
## ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സഹായിക്കാവുന്നവർ |
|---|---|---|---|---|
| സാഹിത്യപ്രതിഭകളെ അടുത്തറിയാൻ | കവികളെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അധ്യാപകർ SMC | SMC |
| | 2. പുസ്തകശേഖരണവും പ്രദർശനവും | ജൂൺ ഡിസംബർ | അധ്യാപകർ SMC | SMC |
| | 3. ചിത്രഗ്യാലറി. | ജനുവരി | മദർ പിടിഎ ക്ലബ്ബുകൾ | |
| വായനാപരിപോഷണം | (1) പൊതുജനവുമായി ബന്ധപ്പെട്ട് പുസ്തകശേഖരണം | നവംബർ | വായനശാല | |
| | (2) വായനാക്കളരി. | ആഴ്ചയിലൊന്ന് | SMC SRG | ക്ലബ്ബ് SMC SRG |
| | (3) നാട്ടുവായന പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്റ്റ് | ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | വായനശാല |

# മേഖല - അക്കാദമികം
## ഉപമേഖല - ഇംഗ്ലീഷ്
## ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സഹായ ഏജൻസികൾ |
|---|---|---|---|---|
| | ക്ലാസ് ലൈബ്രറി വികസനം. | ജൂൺ - മാർച്ച് | SRG | SSA SMC |
| വായന - എഴുത്ത് മറിഞ്ഞും ഒഴുക്കോടെയും | വാർത്താവായനാ മത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | വായനാ മൂല | |
| | വായനാക്യാമ്പുകൾ | 3 മാസത്തിലൊന്ന് | SSA | S.SA |
| | ബാലപ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ - മാർച്ച് | | SRG |

# മലയാള ഭാഷ (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **മധുരം മലയാളം** | | | | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG ക്ലാസ്ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാശേഷി വളർത്തൽ | ക്ലാസ് വായനാക്കൂട്ടം. ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തകപരിചയം വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, പുസ്തക സംവാദം, ആനുകാലിക വായന | വർഷം മുഴുവൻ | HM SRG ക്ലാസ്ടീച്ചർ CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നു നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG ക്ലാസ്ടീച്ചർ | |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖനശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരൻമാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | ക്ലാസ്ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ്ടീച്ചർ | PTA |
| **രുചിച്ചറിയാം** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള- പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG ക്ലാസ്ടീച്ചർ PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരൻമാർ)** | | | | |
| സാഹിത്യകാരൻമാരുടെ ജൻമ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ- ഡോക്യുമെന്ററി പ്രദർശനം-പുസ്തകപരിചയം-ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം- പ്രദർശനം | ആവശ്യാനുസരണം | SRG ക്ലാസ്ടീച്ചർ CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗ~~ങ്ങൾ~~വുമായി ബന്ധപ്പെട്ട കലകൾ-നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരൻമാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM SRG CPTA ക്ലാസ്ടീച്ചർ | PTA |

# സർഗ്ഗോത്സവം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം? |
|---|---|---|---|---|
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA |
| | | | | |

# English (Std - IV)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ | ആഴ്ചയിൽ മൂന്ന് ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനാശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാഗസിൻ തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM ക്ലാസ് ടീച്ചർ SMC | SMC |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തി |
|---|---|---|---|---|
| **ഇംഗ്ലീഷ് റൈറ്റേഴ്സ് ഗ്രൂപ്പ്** | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ<br>വായനാവേള ഒരുക്കൽ<br>വായനാക്കുറിപ്പ് പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ) | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA |

# ഗണിതം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമഗ്രി |
|---|---|---|---|---|
| **കളിക്കാം - ഗണിക്കാം** | | | | |
| ഗണിതപഠനം രസകരമാക്കാൻ ചതുഷ്ക്രിയകൾ ലളിതമാക്കൽ | വിവിധതരം കളികൾ (തന്ത്രം ചെയ്യൽ - സ്ഥാനവില നിർണയം. (ഏണിയും പാമ്പും, ഡൈസ് കളി) സങ്കലനം - വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവൻ | SRG ക്ലാസ്ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം** | | | | |
| ഗണിതശാസ്ത്ര പഠനം രസകരമാക്കൽ - കരചന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമാണ പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ്ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിതപഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ്ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിതരൂപങ്ങളുടെ പ്രായോഗികത്വം തിരിച്ചറിയൽ | ഗണിത ചുമർ ഒരുക്കൽ (ഉപയോഗപ്പെടുത്തൽ) | വർഷം മുഴുവൻ | ക്ലാസ്ടീച്ചർ | PT |
| **ഗണിത പഠനോപകരണ ശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ നിർമ്മാണം / പ്രദർശനം | വർഷത്തിലൊന്ന് | SRG ക്ലാസ്ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സഹായം |
|---|---|---|---|---|
| ഗണിതമേള | | | | |
| ഗണിതശേഷികളുടെ പ്രകടനം | പ്രശ്നോത്തരി<br>പസിൽ<br>പാറ്റേൺ<br>പഠനോപകരണങ്ങളുടെ<br>പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ്ടീച്ചർ | PTA |

# പരിസരപഠനം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം - അറിവുനിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | വർഷം മുഴുവൻ | HM SRG ക്ലാസ്ടീച്ചർ | PTA SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണത്വര വളർത്തൽ | വാനനിരീക്ഷണകേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM SRG CPTA ക്ലാസ്ടീച്ചർ | PTA രക്ഷിതാ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ ഭൂപട വായന- സൂചിക- പരിചയപ്പെടൽ | ഭൂപട വായന ഭൂപട രചന സൂചികാനിർമ്മാണം ഭൂപടം ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG ക്ലാസ്ടീച്ചർ | P |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG ക്ലാസ്ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം, ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM SRG ക്ലാസ്ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്രമാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM SRG ക്ലാസ്ടീച്ചർ | PTA |